# കേരളീയം

സാധാരണക്കാർക്കുവേണ്ടി ഒരു സാംസ്കാരികപത്രം


# തിരിച്ചറിവുകൾ അന്യമാകുന്ന രാഷ്ട്രീയരംഗം

അപൂർവ്വമായി മാത്രം ദർശിക്കാവുന്ന അഭിപ്രായസമന്വയത്തിന് ഇന്ത്യൻ രാഷ്ട്രീയരംഗം ഒരിക്കൽക്കൂടി വേദിയായിരിക്കുന്നു. രാഷ്ട്രീയത്തിലെ കുറ്റവൽക്കരണം തടയുന്നതു സംബന്ധിച്ച് മെയ് രണ്ടിന് സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പുകമ്മീഷൻ ജൂൺ 28നു നൽകിയ നിർദ്ദേശം തള്ളിക്കളയുന്നതിലാണ് അഭിപ്രായ ഐക്യം രൂപപ്പെട്ടിട്ടുള്ളത്.

തെരഞ്ഞെടുപ്പിന് നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന സ്ഥാനാർത്ഥി തന്റെ വിദ്യാഭ്യാസയോഗ്യത, ആസ്തി ബാധ്യതാകണക്ക്, ക്രിമിനൽകേസിന്റെ വിവരങ്ങൾ എന്നിവയടങ്ങിയ സത്യവാങ്മൂലം കൂടി സമർപ്പിക്കണമെന്നാണ് പുതിയ നിർദ്ദേശം. ഈ സത്യവാങ്മൂലത്തിൽ പറയുന്ന ഏതെങ്കിലും കാര്യത്തിൽ തനിക്ക് സംശയമുണ്ടെങ്കിൽ നാമനിർദ്ദേശപത്രിക തള്ളിക്കളയുന്നതിനുള്ള അധികാരം വരണാധികാരിക്ക് നൽകുകയും ചെയ്തിരിക്കുന്നു.

രാഷ്ട്രീയത്തിലെ അഴിമതിയും ക്രിമിനൽവൽക്കരണവും സമീപകാലത്തായി ഗൗരവമേറിയ ചർച്ചാവിഷയമാണ്. പാർലമെന്റിലെ 39 അംഗങ്ങൾ കൊലപാതകം, ബലാൽസംഗം, തട്ടിക്കൊണ്ടുപോകൽ, കൊള്ള തുടങ്ങിയ കുറ്റങ്ങളിൽ ആരോപണവിധേയരാണ് എന്ന് 1996ൽ ഭരണഘടന പുനരവലോകനകമ്മീഷൻ കണ്ടെത്തിയിരുന്നു. ഇവരിൽ ചുരുങ്ങിയത് നാലു പേരെങ്കിലും മന്ത്രിമാരുമായിരുന്നു! 98ലെ ലോകസഭാസ്ഥാനാർത്ഥികളിൽ 72 പേർ ക്രിമിനൽ പശ്ചാത്തലമുള്ളവരായിരുന്നു. സുഖ്റാമും ജയലളിതയും ലാലുപ്രസാദ് യാദവുമെല്ലാം ഇന്നും ഇന്ത്യൻ രാഷ്ട്രീയത്തിലെ അതികായരാണ്.

രാഷ്ട്രീയരംഗത്തെ കുറ്റവൽക്കരണം തിരിച്ചറിഞ്ഞിട്ടുണ്ടെന്നും അതു പരിഹരിക്കാനുള്ള അവകാശം പാർലമെന്റിനാണെന്നുമാണ് രാഷ്ട്രീയകക്ഷികളുടെ വാദം. എന്നാൽ 'എല്ലാവരും കാലാവസ്ഥയെക്കുറിച്ച് പറയുന്നു; പക്ഷേ ആരും ഒന്നും ചെയ്യുന്നില്ല' എന്ന് മാർക് ട്വയിൻ പറഞ്ഞതുപോലെയാണ് നമ്മുടെ രാഷ്ട്രീയകക്ഷികളുടെ കാര്യം എന്ന് പ്രശസ്തപത്രപ്രവർത്തകൻ ടി. വി. ആർ. ഷേണായി പറഞ്ഞത് ഇവിടെ പ്രസക്തമാണ്. കുറ്റവൽക്കരണം തിരിച്ചറിഞ്ഞിട്ടും അതിനെതിരെ എന്തെങ്കിലും ചെയ്യാൻ നാളിതുവരെ പാർലമെന്റോ രാഷ്ട്രീയകക്ഷികളോ തയ്യാറായിട്ടില്ല.

ഗാന്ധിജിയും നെഹ്റുവും പോലും ക്രിമിനൽകുറ്റവാളികളായി കണക്കാക്കപ്പെട്ടിരുന്നതായും അവരേയും രാഷ്ട്രീയ അഴിമതിക്കാരേയും ഒരുപോലെ കാണുന്നു എന്നതാണ് പുതിയ ഉത്തരവിന്റെ ദൗർബല്യം എന്നുമുള്ള വാദം കഴമ്പുള്ളതു തന്നെയാണെങ്കിലും ഉത്തരവിന്റെ സദുദ്ദേശ്യം ചോദ്യം ചെയ്യപ്പെടാവുന്നതല്ല. ഒരു പൗരന്റെ അറിയാനുള്ള അവകാശം ഉറപ്പാക്കുന്നതാണ് അത്. തങ്ങളുടെ പ്രതിനിധികളുടെ സ്വത്ത്, ബാധ്യത, കുറ്റകൃത്യങ്ങൾ, വിദ്യാഭ്യാസം എന്നിവ അറിയണമെന്നുള്ള അവകാശം.

രാഷ്ട്രീയപ്രവർത്തകരുടെ സ്വത്തും കുറ്റകൃത്യങ്ങളും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നതാണ്. രാഷ്ട്രീയപ്രവർത്തനത്തിലെ സത്യസന്ധതയുടെ പ്രതിഫലനമാണവ. അതുകൊണ്ടുതന്നെ സ്വത്തുവിവരം വെളിപ്പെടുത്താൻ രാഷ്ട്രീയപ്രവർത്തകർ മടിക്കുന്നു എന്നത് ജനങ്ങളോടുള്ള വെല്ലുവിളിയായി മാറുന്നു. ജനങ്ങളിൽ നിന്നും അവരോടുള്ള പ്രതിബദ്ധതയിൽനിന്നും രാഷ്ട്രീയകക്ഷികൾ അകലുന്നതിന്റെ തെളിവാണത്.

ആത്മശുദ്ധിയും നിയന്ത്രണവും തങ്ങൾക്ക് സാധ്യമല്ല എന്ന രാഷ്ട്രീയകക്ഷികളുടെ സമീപനത്തിന്റെ തുടർച്ചയാണ് ജൂലൈ 8ലെ സർവ്വകക്ഷിയോഗത്തിന്റെ പ്രഖ്യാപനവും. പാലം കുലുങ്ങിയാലും ശരി കേളൻ കുലുങ്ങില്ല എന്ന ധാർഷ്ട്യവും തുടർക്കഥയാകുന്നു. സുതാര്യതയും ലാളിത്യവും തങ്ങൾക്ക് അന്യമാണെന്ന് പിന്നെയും അവർ തെളിയിക്കുകയാണ്.

ഇനി നമുക്ക് എന്താണ് പ്രതീക്ഷിക്കാനുള്ളത്. കാര്യമായൊന്നുമില്ല. സ്വയം മുന്നിട്ടിറങ്ങി ഇന്നത്തെ രാഷ്ട്രീയരംഗത്തെ ശുദ്ധിയാക്കാൻ ശ്രമിക്കാമെന്നല്ലാതെ കൂടുതൽ കൂടുതൽ ഇടപെട്ട് സമ്മർദ്ദശക്തിയായി മാറാൻ ശ്രമിക്കാമെന്നല്ലാതെ.....